**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3221

13.03.2017 - ൽ മറുപടിക്ക്.

**കുടുംബശ്രീ കരാർ ജീവനക്കാർക്ക് നൽകുന്ന വേതനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ കെ.എസ്.ശബരീനാഥൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ കരാർ ജീവനക്കാർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ പുതുക്കിയ വേതനം എത്രയാണ്; | (എ) 12.01.2017 ൽ കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം നിലവിലുള്ള ജീവനക്കാരുടെ പ്രവൃത്തിപരിചയം കണക്കിലെടുത്ത് കൊണ്ട് കൺസൽട്ടന്റ്മാർക്ക് 30,000, 35000, 40,000 രൂപാ നിരക്കിലും പ്രോഗ്രാം മാനേജർമാർക്ക് 60,000 രൂപ നിരക്കിലും സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിലെ വിവിധ തസ്തികകളിലെ ജീവനക്കാർക്ക് 12,000, 15,000, 20,000, 30,000 രൂപ നിരക്കിലും വർദ്ധിപ്പിച്ച വേതനം ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) കുടുംബശ്രീയിലെ കരാർ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) ജോലി ഒഴിവുകൾ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും യോഗ്യരായവരെ എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയിലൂടെ തെരഞ്ഞെടുക്കുകയും അതനുസരിച്ച് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് മുഖാന്തിരം നിയമനം നടത്തുകയും ചെയ്യുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ തസ്തികകളിൽ കുടുംബശ്രീയിൽ കരാർ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാരുടെ വിശദാംശം നൽകുമോ? | (സി) കുടുംബശ്രീയുടെ കീഴിൽ വരുന്ന എൻ.യു.എൽ.എം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ശ്രീ. അജിത് എസ്. നെ മാനേജർ (സ്കിൽ & ലൈവ്ലിഹുഡ്) തസ്തികയിലും പാലക്കാട് ജില്ലയിൽ ശ്രീ. ശ്രീജിത്ത് പി.പി. യെ മാനേജർ (സ്കിൽ & ലൈവ് ലിഹുഡ്) തസ്തികയിലും കുടുംബശ്രീ സംസ്ഥാന മിഷനിൽ ശ്രീമതി അജിത എസ്. നെ മാനേജർ (എച്ച്.ആർ & കപ്പാസിറ്റി ബിൽഡിംഗ്) തസ്തികയിലും ഡി.ഡി.യു.ജി.കെ.വൈ. പദ്ധതി പ്രകാരം സംസ്ഥാന മിഷനിൽ ശ്രീ ബിപിൻ ജോസ് നെ പ്രോഗ്രാം മാനേജർ (മൊബിലൈസേഷൻ) തസ്തികയിലും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ